പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2292

18.03.2015-ൽ
മറുപടിയ്ക്ക്

**മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്ക്**

| ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ | | മറുപടി<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | മട്ടന്നൂർ വെളിയാം പറമ്പിലെ കിൻഫ്രാ വ്യവസായ പാർക്കിന് എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കുകയുണ്ടായി; | എ) | ഇതുവരെ 52.0764 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| ബി) | എത്ര ഭൂവുടമകളുടെ പക്കൽ നിന്നുമാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളത്; | ബി) | 145 ഭൂവുടമകളിൽ നിന്നുമാണ് മേൽപ്പറഞ്ഞ സ്ഥലം ഏറ്റെടുത്തിട്ടുള്ളത്. |
| സി) | എത്ര ഭൂവുടമകൾക്ക് സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാര തുക നൽകിയെന്നും എത്ര തുക ഇതിനായി വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ; | സി) | 145 ഭൂവുടമകൾക്കായി 55,94,27,284/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |
| ഡി) | എത്ര ഭൂവുടമകൾക്കാണ് നഷ്ടപരിഹാര തുക നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; | ഡി) | ഇനി ഏറ്റെടുക്കാനുള്ള 4.4545 ഹെക്ടർ ഭൂമിയുടെ നഷ്ടപരിഹാരത്തുക 8 പേർക്കായി നൽകാൻ ബാക്കിയുണ്ട്. |
| ഇ) | പ്രസ്തുത ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക നൽകുവാൻ കാലതാമസം നേരിടുന്ന തെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | ഇ) | മേൽപ്പറഞ്ഞ 8 കേസുകളിൽ 0.5490 ഹെക്ടർ ഭൂമിയെ സംബന്ധിച്ച് ഹൈക്കോടതിയിൽ റിട്ട് നിലവിലുള്ളതിനാലും 0.1006 ഹെക്ടർ വസ്തുവിന്റെ അസ്സൽ ആധാരങ്ങൾ ഹാജരാക്കാത്തതിനാലും, മറ്റുള്ള 6 പേരുടെ കൈവശത്തിലുള്ള 3.8049 ഹെക്ടർ വസ്തുവിന്റെ ആധാരങ്ങൾക്ക് കൈമാറ്റ സാധുതയില്ലാത്ത തിനാലും നഷ്ടപരിഹാരത്തുക നൽകാൻ കാലതാമസം നേരിട്ടിട്ടുണ്ട്. |
| എഫ്) | നഷ്ട പരിഹാര തുക നൽകുവാനുള്ള ഭൂവുടമകൾക്ക് എപ്പോൾ നഷ്ട പരിഹാര തുക നൽകും എന്ന് വ്യക്തമാക്കുമോ? | എഫ്) | മേൽപ്പറഞ്ഞ റിട്ട് ഹർജി തീർപ്പാക്കുന്ന മുറയ്ക്കും, അസ്സൽ ആധാരം ഹാജരാക്കുന്ന മുറയ്ക്കും, സാധുതയുള്ള ആധാരങ്ങൾ ഹാജരാക്കുന്ന മുറയ്ക്കും നഷ്ടപരിഹാരത്തുക നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ